"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് -Construction of Boat Jetties at Munakkal Beach and Banglakkadav at Mathilakam' എന്ന പദ്ധതിയ്ക്കായി ₹46,57,994/- രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(സി) വകുപ്പ്**

G.O.(Rt)No.166/2025/TSM തീയതി,തിരുവനന്തപുരം, 23-03-2025

---

പരാമർശം:-

1. 11.09.2020 ലെ സ.ഉ(സാധാ)നം.299/2020/TSM ഉത്തരവ്
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 21.11.2024 ലെ DOT/122/2024-P2 നമ്പർ കത്ത്
3. 16.04.2018 ലെ സ.ഉ(പി) 62/2018/ധന ഉത്തരവ്
4. 09.12.2008 ലെ സർക്കുലർ നം. 84/2008/ധന
5. 30.10.2018 ലെ സർക്കുലർ നം. 08/2018/ധന
6. 09.10.2020 ലെ സ.ഉ(കൈ)നം.04/2020/ധന

**<u>ഉത്തരവ്</u>**

Construction of Boat Jetties at Munakkal Beach and Banglakkadav at Mathilakam' എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം ₹1,30,00,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ഇറിഗേഷൻ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും, നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിനാൽ കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ച് നൽകേണ്ടതായിട്ടുണ്ടെന്നും തേർഡ് ആൻഡ് ഫൈനൽ ബിൽ പ്രകാരം മതിലകം ബംഗ്ലാക്കടവ് ബോട്ട് ജെട്ടിക്ക് 17,07,873/- രൂപയും മുനക്കൽ ബോട്ട് ജെട്ടിക്ക് 29,50,121/- രൂപയും ഉൾപ്പടെ ആകെ 46,57,994/- രൂപയാണ് ഇനി അനുവദിക്കേണ്ടതായിട്ടുള്ളതെന്നും പരാമർശം (2) കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) മുസിരിസ് പ്രൊജക്ട് ലിമിറ്റഡ്-ന്റെ PSTSB അക്കൗണ്ടിൽ നിന്നും 31.03.2023 ന്

സർക്കാർ 4,97,92,998/- രൂപ പിൻവലിച്ചിട്ടുണ്ടെന്നും, ആയതിൽ 'Construction of Boat Jetties at Munakkal Beach and Banglakkadav at Mathilakam' എന്ന പദ്ധതിയുടെ കരാറുകാരന് അനുവദിക്കേണ്ട തുകയായ ₹46,57,994/- രൂപയും (നാൽപ്പത്തി ആറു ലക്ഷത്തി അൻപത്തി ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാലു രൂപ ) ഉൾപ്പെട്ടിട്ടുണ്ടെന്നും, ആയത് ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും മുസിരിസിന് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.അതിന്റെഅടിസ്ഥാനത്തിൽ Construct ion of Boat Jetties at Munakkal Beach and Banglakkadav at Mathilakam' എന്ന പദ്ധതിയ്ക്കായി ₹46,57,994/- രൂപ (നാൽപ്പത്തി ആറു ലക്ഷത്തി അൻപത്തി ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാലു രൂപ ) 5452-01-800-84 ( P)-Muzris Heritage and Spice Route Projects എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1) പരാമർശം(3) ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ

2) പരാമർശം (4), (5) സർക്കുലറുകളിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും പരാമർശം (6) പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസ് മുൻപ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAGADEES D
ADDITIONAL SECRETARY

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ്, പുല്ലൂട്ട് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ -680663.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I&II), കേരള, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ PU-C3/130/2023-FIN പ്രകാരം)
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( ടൂർ-സി 2/279/2024-ടൂർ) )

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 24-03-2025 11:33:39

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.